ദേവസ്വം ബോർഡിന്റെ നിക്ഷേപസ്വർണം വിൽപ്പന: ഹർജിയിൽ വിശദീകരണം തേടി

കൊച്ചി: കൊച്ചിൻ ദേവസ്വം ബോർഡിന്റെ പക്കലുള്ള നിക്ഷേപ സ്വർണം വിൽക്കാനുള്ള തീരുമാനം നിയമ വിരുദ്ധമാണെന്നും ധൃതി പിടിച്ചു സ്വർണം വിൽക്കുന്നത് തടയണമെന്നും ആവശ്യപ്പെട്ട് ചേർത്തല വടുതല സ്വദേശി അഭിജിത്ത് നൽകിയ ഹർജിയിൽ ഹൈക്കോടതി വിശദീകരണം തേടി.

ദേവസ്വം ബോർഡ് അധികൃതർ എസ്ബിഐയിൽ നിക്ഷേപിച്ച സ്വർണത്തിന്റെ കാലാവധി പൂർത്തിയായതോടെ തിരികെക്കിട്ടുന്നതിൽ നിന്ന് 19.940 കിലോയും ബോർഡിന്റെ സെൻട്രൽ ഗോൾഡ് സ്റ്റോക്കിൽ നിന്ന് മൂന്നു കിലോയുമെടുത്ത് ചോറ്റാനിക്കര ക്ഷേത്രത്തിലെ ലോക്കറ്റ് നിർമാണത്തിന് ഉപയോഗിക്കാൻ തീരുമാനിച്ചിരുന്നു. കൂടാതെ നിക്ഷേപകാലാവധി കഴിഞ്ഞതിനെ തുടർന്ന് ലഭിക്കുന്ന 33.3618 കിലോ സ്വർണം വിറ്റ് തുക കൂടുതൽ പലിശ ലഭിക്കുന്ന തരത്തിൽ സ്ഥിര നിക്ഷേപം നടത്താനും കൊച്ചിൻ ദേവസ്വം ബോർഡ് തീരുമാനിച്ചുവെന്നാണ് ഹർജി പറയുന്നത്. ഹർജി വെള്ളിയാഴ്ച വീണ്ടും പരിഗണിക്കും.

ജില്ലാ സബ് ജൂണിയർ നീന്തൽ മത്സരം

കിഴക്കമ്പലം: 18-ാമത് ജില്ലാ സബ് ജൂണിയർ നീന്തൽ മത്സരങ്ങൾ ഇന്നു മുതൽ ശനിയാഴ്ച വരെ താമരച്ചാൽ സെന്റ് മേരീസ് പബ്ലിക് സ്കൂളിൽ നടക്കും. ജില്ലാ അക്വാട്ടിക് അസോസിയേഷന്റെയും സെന്റ് മേരീസ് പബ്ലിക് സ്കൂളിന്റെയും സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന മത്സരങ്ങളിൽനിന്ന് സംസ്ഥാന സബ് ജൂണിയർ, ജൂണിയർ മത്സരങ്ങൾക്കുള്ള ജില്ലാ ടീമിനെ തെരഞ്ഞെടുക്കും.

അക്വാട്ടിക് അസോസിയേഷനിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന യൂണിറ്റുകൾക്കും പങ്കെടുക്കാം. പങ്കെടുക്കുന്നവർ ജനന സർട്ടിഫിക്കറ്റിന്റെ കോപ്പിയും ഒരു സ്റ്റാമ്പ്സൈസ് ഫോട്ടോയും ഹാജരാക്കണം. പത്രസമ്മേളനത്തിൽ അസോസിയേഷൻ ഭാരവാഹികളായ ജോർജ് ജോസ്, എം.കെ. കുഞ്ഞുമോൻ, സ്കൂൾ മാനേജർ ഫാ. ഡാനിയേൽ തട്ടാറയിൽ, പ്രിൻസിപ്പൽ നാൻസി മാത്യു, കെ.ഒ. മത്തായി, ജേക്കബ് സി. മാത്യു, പി.എം. സ്ലീബ എന്നിവർ പങ്കെടുത്തു.

വോളിഫെസ്റ്റ്-19

ആമ്പല്ലൂർ: തിരുവാണിയൂർ വൈഎംസിഎയുടെ നേതൃത്വത്തിൽ അഞ്ചാമത് അഖില കേരള ഇന്റർ കൊളീജിയേറ്റ് വൈഎംസിഎ -സൺപോൾ വോളിഫെസ്റ്റ് തിരുവാണിയൂർ സെന്റ് ഫിലോമിനാസ് ഹൈസ്കൂൾ ഫ്ളഡ്‌ലിറ്റ് സ്റ്റേഡിയത്തിൽ ഇന്നുമുതൽ 13 വരെ നടക്കും. വോളിഫെസ്റ്റ്-2019 ഇന്ന് വൈകിട്ട് കുന്നത്തുനാട് എംഎൽഎ വി.പി. സജീന്ദ്രൻ ഉദ്ഘാടനം ചെയ്യും.

ദിവസവും വൈകിട്ട് 6.30 നാണ് മത്സരം ആരംഭിക്കുന്നത്. പാലാ സെന്റ് തോമസ് കോളജ് , കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജ് , ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജ് , പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജ് തുടങ്ങിയ ടീമുകൾ പുരുഷ വിഭാഗത്തിലും ചങ്ങനാശേരി അസംപ്ഷൻ കോളജ് , സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളജ് , പാലാ അൽഫോൻസ കോളജ് , ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളജ് തുടങ്ങിയ ടീമുകൾ വനിതാ വിഭാഗത്തിലും മത്സരിക്കും .

ട്രെയിനിൽ സ്ഫോടകശേഖരം കണ്ടെത്തി

കൊച്ചി: നിസാമുദീനിൽനിന്ന് എറണാകുളത്ത് എത്തിയ മംഗള എക്സ്പ്രസിൽ സ്ഫോടക ശേഖരം കണ്ടെത്തി. ഇന്നലെ ഉച്ചയ്ക്ക് എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ യാത്രക്കാരെ ഇറക്കിയ ശേഷം കടവന്ത്ര പൊന്നുരുന്നി യാർഡിലേക്ക് മാറ്റിയ ട്രെയിനിൽ നിന്നാണ് സ്ഫോടകശേഖരം കണ്ടെത്തിയത്.

ഉരുണ്ട ആകൃതിയിലുള്ള 20 എണ്ണമാണ് കണ്ടെത്തിയത്. ട്രെയിൻ വൃത്തിയാക്കുന്നതിനിടെ എസ് വൺ കോച്ചിന്റെ സീറ്റിന് അടിയിൽ സഞ്ചിയിൽ സൂക്ഷിച്ചിരിക്കുന്ന നിലയിലായിരുന്നു. ജീവനക്കാരൻ ഇത് പരിശോധിക്കുന്നതിനിടെ ചെറിയ പൊട്ടിത്തെറി ഉണ്ടായി. ഇയാളുടെ കാലിന് പരിക്കേറ്റു. തുടർന്ന് വിവരം റെയിൽവേ പോലീസിനെ അറിയിച്ചു. റെയിൽവേ പോലീസിന്റെ ഉന്നത ഉദ്യോഗസ്ഥർ സ്ഥലത്തെത്തി പരിശോധന നടത്തി. ഇന്ന് രാവിലെ ആർപിഎഫിന്റെ പ്രത്യേക വിഭാഗം എത്തി ശാസ്ത്രീയ പരിശോധന നടത്തും. കടവന്ത്ര പോലീസും അന്വേഷണം ആരംഭിച്ചു.

ലിഫ്റ്റിൽ കുടുങ്ങിയ വയോധികരെ രക്ഷപ്പെടുത്തി

കളമശേരി: സ്വകാര്യ ഹോട്ടലിന്റെ ലിഫ്റ്റിൽ കുടുങ്ങിയ വയോധികരെ അഗ്നിരക്ഷാസേനയെത്തി രക്ഷിച്ചു. സൗത്ത് കളമശേരിയിൽ ഇന്നലെ വൈകുന്നേരം ആറോടെയാണ് സംഭവം. ഏലൂർ എച്ച്എച്ഐഎൽ കമ്പനിയിൽനിന്ന് വിരമിച്ച ജീവനക്കാരുടെ യോഗം കഴിഞ്ഞ് താഴേക്ക് ഇറങ്ങുന്നതിനിടെയാണ് വയോധികർ ലിഫ്റ്റിൽ കുടുങ്ങിയത്.

ലിഫ്റ്റിൽ കുടുങ്ങിയ വയോധികരെ രക്ഷപ്പെടുത്തിയപ്പോൾ.

അഞ്ച് നിലകളുള്ള കെട്ടിടത്തിലെ ലിഫ്റ്റ് താഴത്തെ രണ്ടു നിലകൾക്ക് ഇടയിലായി നിന്നുപോകുകയായിരുന്നു. ഏഴു പേർക്ക് കയറാവുന്ന ലിഫ്റ്റിൽ 11 പേർ കയറിയതാണ് ലിഫ്റ്റ് തകരാറിലാകാൻ കാരണം. സ്വിച്ച് പ്രവർത്തിപ്പിച്ച് ലിഫ്റ്റ് ഗ്രൗണ്ടിലെത്തിക്കാൻ അഗ്നിരക്ഷാസേന ശ്രമിച്ചെങ്കിലും വിജയിച്ചില്ല. തുടർന്ന് കെട്ടിടത്തിലെ ലിഫ്റ്റ് ടവറിൽ കയറി ഫ്ലൈവീൽ പ്രവർത്തിപ്പിച്ച് ലിഫ്റ്റ് താഴെയിറക്കിയശേഷം താക്കോൽ ഉപയോഗിച്ച് തുറന്നാണ് വയോധികരെ പുറത്തെത്തിച്ചത്.

എല്ലാവരും പ്രായമുള്ളവരായതിനാൽ ശ്വാസതടസവും സമ്മർദവും മൂലം പലർക്കും ശാരീരിക അസ്വാസ്ഥ്യമുണ്ടായി. ഏലൂരിൽനിന്ന് സ്റ്റേഷൻ ഓഫീസർ ജൂഡ് തദേവൂസിന്റെ നേതൃത്വത്തിലാണ് അഗ്നിരക്ഷാസേന സേനയെത്തി രക്ഷാപ്രവർത്തനം നടത്തിയത്.

പൂയംകുട്ടി വനത്തിൽ കാട്ടാനക്കുട്ടിയുടെ ജഡാവശിഷ്ടം

കോതമംഗലം: പൂയംകുട്ടി വനാന്തരത്തിൽ കാട്ടാനക്കുട്ടിയുടെ ജഡാവശിഷ്ടം അഴുകിയ നിലയിൽ കണ്ടെത്തി. ജഡത്തിന് ഒരാഴ്ചയോളം പഴക്കമുള്ളതായി വനപാലകർ അറിയിച്ചു. വനവിഭവം ശേഖരിക്കാൻ പോയ ആദിവാസികളാണ് വനപാലകരെ വിവരം അറിയിച്ചത്.

പിണ്ടിമേട് വെള്ളച്ചാട്ടത്തിൽനിന്ന് അരക്കിലോമീറ്റർ മാറിയാണ് ജഡം കിടന്നിരുന്നത്. സമീപത്ത് ആനകൂട്ടം തമ്പടിച്ചിരുന്നതിന്റെ ലക്ഷണങ്ങളുമുണ്ട്. മരണകാരണം ഇന്ന് പോസ്റ്റുമോർട്ടം നടത്തിയ ശേഷമേ വ്യക്തമാകൂ. അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ ഫിജി ഫെർണാണ്ടസിന്റെ നേതൃത്വത്തിൽ ഇന്ന് പോസ്റ്റുമോർട്ടം നടത്തുമെന്ന് വനപാലകർ പറഞ്ഞു.

ആറാം ക്ലാസുകാരിയെ പീഡിപ്പിച്ച അമ്മയുടെ കാമുകൻ അറസ്റ്റിൽ

നെടുമ്പാശേരി: ആറാം ക്ലാസുകാരിയെ പീഡിപ്പിച്ച അമ്മയുടെ കാമുകൻ പോലീസ് പിടിയിൽ. ഗുരുവായൂർ ഇരിങ്ങപ്രം സ്വദേശി ഷാജനാണ് (47) അറസ്റ്റിലായത്. പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലാണ് സംഭവം. ഭർത്താവ് മരിച്ച സ്ത്രീയുമായി ഒമ്പത് വർഷത്തോളമായി കൽപ്പണിക്കാരനായ പ്രതി അവിഹിതബന്ധം പുലർത്തിവരുകയായിരുന്നു. അതിനിടെയാണ് പ്രതി സ്ത്രീയുടെ മകളെ പലപ്പോഴായി പീഡിപ്പിച്ചത്.

സംഭവം പുറത്ത് പറഞ്ഞാൽ കൊല്ലുമെന്ന് കുട്ടിയെ ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. അമ്മയുടെ മൗനാനുവാദത്തോടെയായിരുന്നു വൈദ്രേ പീഡനം. ശല്യം സഹിക്കാതെ വന്ന കുട്ടി ചില സഹപാഠികളോട് പറഞ്ഞതോടെയാണ് സംഭവം പുറത്തായത്. ജനപ്രതിനിധികൾ അറിയിച്ച പ്രകാരം ചെങ്ങമനാട് സ്റ്റേഷൻ ഹൗസ് ഓഫീസർ ജി. രമേശിന്റെ നേതൃത്വത്തിൽ പോലീസെത്തി പ്രതിയെ പിടികൂടുകയായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.

പീഡനക്കേസിൽ അറസ്റ്റിൽ

കാലടി: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ എസ്എഫ്ഐ മുൻ കാലടി ഏരിയ ജോയിന്റ് സെക്രട്ടറിയെ അറസ്റ്റു ചെയ്തു. മലയാറ്റൂർ ഇല്ലിത്തോട് എവർഗ്രീൻ മുതിരപ്പറമ്പിൽ അഭിജിത്തി(22)നെയാണ് പോക്സോ നിയമപ്രകാരം കാലടി പോലീസ് അറസ്റ്റ് ചെയ്തത്.

പ്രേമം നടിച്ച് പെൺകുട്ടിയെ വശത്താക്കിയ പ്രതി സുഹൃത്തുക്കൾ ഒരുമിച്ച് പെൺകുട്ടിയെ പീഡിപ്പിക്കുകയും ദൃശ്യങ്ങൾ പകർത്തുകയും ചെയ്ത കേസിൽ രണ്ടുമാസമായി ഒളിവിലായിരുന്നു. ഈ കേസിൽ മൂന്നുപേരെ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.

കവർച്ചാക്കേസുകളിൽ പ്രതികളായ ഇടുക്കി സ്വദേശികൾ പിടിയിൽ

കോതമംഗലത്തും പരിസര പ്രദേശങ്ങളിലും നിരവധി വീടുകളിൽ നിന്നു സ്വർണവും പണവും കവർന്ന കേസുകളിലും പ്രതികൾ

കോതമംഗലം: തൃക്കാരിയൂരിൽ സ്വകാര്യധനകാര്യ സ്ഥാപനത്തിലും ജ്വല്ലറിയിലും പൈങ്ങോട്ടൂർ എടിഎം കൗണ്ടറിലുമടക്കം നിരവധി കവർച്ചാക്കേസുകളിൽ പ്രതികളായ രണ്ടു പേരെ പോലീസ് പിടികൂടി. ഇടുക്കി കഞ്ഞിക്കുഴി സ്വദേശികളായ കോതമംഗലം നാഗഞ്ചേരിയിൽ താമസിക്കുന്ന മോഹൻദാസ് (34), എറണാകുളത്ത് ഇരുമ്പുപണിക്കാരനായ ഷിബു (42) എന്നിവരാണ് കോതമംഗലം പോലീസിന്റെ പിടിയിലായത്. കോതമംഗലത്തും പരിസര പ്രദേശങ്ങളിലും നിരവധി വീടുകളിൽ നിന്നു സ്വർണവും പണവും കവർന്നതടക്കമുള്ള കേസുകളിലും പ്രതികളാണ് ഇവരെന്നു പോലീസ് പറഞ്ഞു.

തൃക്കാരിയൂരിലെ ധനശക്തി ഫിനാൻസിൽ കഴിഞ്ഞ ശനിയാഴ്ച രാത്രിയാണ് കവർച്ചാശ്രമം നടന്നത്. സുരക്ഷാ അലാറം മുഴങ്ങിയതിനെ തുടർന്ന് പ്രതികൾ ഓടി രക്ഷപ്പെടുകയായിരുന്നു. ഷട്ടർ തുറക്കാൻ ഉപയോഗിച്ച ഗ്യാസ് കട്ടർ, ഗ്യാസ് സിലിണ്ടർ, ഓക്സിജൻ സിലിണ്ടർ എന്നിവ ഉപേക്ഷിച്ചാണ് രണ്ടംഗ സംഘം കടന്നത്. ഇതിൽ ഓക്സിജൻ സിലിണ്ടർ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിനൊടുവിലാണ് പ്രതികളെ തിരിച്ചറിഞ്ഞത്. ഡോക്ടർമാരുടെ ശിപാർശയോടെ മാത്രം നൽകുന്ന സിലണ്ടറായിരുന്നു ഇത്. സിലിണ്ടറിന്റെ നമ്പർ ഉപയോഗിച്ച് ഉത്പാദിപ്പിച്ച കമ്പനിയെയും വിതരണക്കാരെയും കണ്ടെത്തി. സിലിണ്ടർ നിറച്ചുനൽകിയ അടിമാലിയിലെ സ്ഥാപനത്തിന്റെ പരിസരത്തെ സിസി ടിവി ദൃശ്യങ്ങളും തൃക്കാരിയൂരിൽ നിന്ന് ലഭിച്ച സിസിടിവിദൃശ്യങ്ങളും ഒത്തുനോക്കിയപ്പോൾ പ്രതികളെ തിരിച്ചറിയാൻ കഴിഞ്ഞു. മൊബൈൽ ടവർ ലൊക്കേഷൻ രേഖകളും അന്വേഷണത്തിന് സഹായകരമായി. മോഹൻദാസിനെയാണ് പോലീസ് ആദ്യം പിടികൂടിയത്. ഇയാൾ കുറ്റം സമ്മതിക്കുകയും കൂട്ടാളിയെക്കുറിച്ച് വിവരം നൽകുകയും ചെയ്തതോടെയാണ് ഷിബുവും പിടിയിലായത്.

ഒരു മാസം മുമ്പ് തൃക്കാരിയൂരിലെ ജ്വല്ലറിയിൽ കവർച്ചാശ്രമം നടത്തിയതും ഇതേ സംഘമാണ്. പൈങ്ങോട്ടൂരിലെ എടിഎം.കവർച്ചാശ്രമത്തിനു പിന്നിലും ഇവരാണെന്ന് പോലീസിനു വിവരം ലഭിച്ചിട്ടുണ്ട്. വീടുകളിലെത്തി ഗ്യാസ് സിലിണ്ടറുകൾ സർവീസ് ചെയ്തുകൊടുക്കുന്ന ജോലിയാണ് മോഹൻദാസിന്. സുഹൃത്തായ ഷിബു ശനിയാഴ്ചയും ഞായറാഴ്ചയും നാഗഞ്ചേരിയിലെ വീട്ടിൽ മോഹൻദാസിനൊപ്പമാണ് താമസിച്ചിരുന്നത്. ഇവിടെ വച്ചായിരുന്നു കവർച്ചകളുടെ ആസൂത്രണം.

പള്ളുരുത്തിയിൽ ഇടതു മുന്നണിയുടെ തെരഞ്ഞെടുപ്പു പ്രചാരണ യോഗത്തിൽ പങ്കെടുക്കാനെത്തിയ സിപിഎം പോളിറ്റ് ബ്യൂറോ അംഗം വൃന്ദാ കാരാട്ട് സമ്മേളനത്തിനെത്തിയ സ്ത്രീകളുമായി സംസാരിക്കുന്നു.

ബിജെപി വിരുദ്ധശക്തികളെ കോൺഗ്രസ് ദുർബലപ്പെടുത്തുന്നു: വൃന്ദാ കാരാട്ട്

കൊച്ചി: ബിജെപിക്കും ആർഎസ്എസിനുമെതിരേ വിവിധ സംസ്ഥാനങ്ങളിൽ രൂപപ്പെട്ടുവരുന്ന സഖ്യങ്ങളെ ദുർബലപ്പെടുത്താനാണ് കോൺഗ്രസ് ശ്രമിക്കുന്നതെന്ന് സിപിഎം പോളിറ്റ് ബ്യൂറോ അംഗം വൃന്ദാ കാരാട്ട്. പള്ളുരുത്തിയിൽ ഇടതു മുന്നണിയുടെ തെരഞ്ഞെടുപ്പു പ്രചാരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. വയനാട്ടിലെ രാഹുൽ ഗാന്ധിയുടെ സ്ഥാനാർഥിത്വം ഉത്തർപ്രദേശിലും ബംഗാളിലും ഡൽഹിയിലുമൊക്കെ അവർ സ്വീകരിച്ചുവരുന്ന നിലപാടുകളുടെ തുടർച്ചയാണെന്ന് വൃന്ദ കാരാട്ട് പറഞ്ഞു.

ബിജെപിയെ പരാജയപ്പെടുത്തുന്നതിൽ ഏറ്റവും നിർണായകമായ ഉത്തർപ്രദേശിൽ ബിജെപിക്കെതിരേ രൂപം കൊണ്ടിട്ടുള്ള എസ്പി - ബിഎസ്പി - ആർഎൽഡി സഖ്യത്തെ തോൽപിക്കാനാണ് കോൺഗ്രസ് ശ്രമിക്കുന്നത്. ബംഗാളിൽ ഇടതുപക്ഷം ബിജെപിയെ പരാജയപ്പെടുത്തുന്നതിന് ചിലയിടങ്ങളിൽ ധാരണയ്ക്ക് ശ്രമിച്ചെങ്കിലും പാർലമെന്റിൽ ബിജെപിക്കെതിരേ അതിശക്തമായ നിലപാടെടുക്കുന്ന സിപിഎമ്മിലെ മുഹമ്മദ് സലിമിനെതിരേ സ്ഥാനാർഥിയെ നിർത്തിക്കൊണ്ട് അവർ ധാരണ അട്ടിമറിക്കാൻ ശ്രമിക്കുകയാണ് ചെയ്തത്. ഡൽഹിയിൽ ആം ആദ്മി പാർട്ടിയുമായി സഖ്യത്തിനുള്ള സാധ്യതയും കോൺഗ്രസ് ഇല്ലാതാക്കി.

രാജ്യമാകെ കോൺഗ്രസ് സ്വീകരിക്കുന്ന നിലപാടുകളുടെ തുടർച്ചയാണ് വയനാട്ടിലെ രാഹുൽ ഗാന്ധിയുടെ സ്ഥാനാർഥിത്വം. കോൺഗ്രസിന്റെ ഈ സമീപനം മൂലം കോൺഗ്രസിൽ നിന്ന് ബിജെപിയിലേക്ക് തവളകളെ പോലെ നേതാക്കൾ ചാടിപ്പൊയ്കൊണ്ടിരിക്കുകയാണ്. കോൺഗ്രസിനെ ബിജെപിയുമായി പശ പോലെ ഒട്ടിച്ചു നിർത്തുന്നത് വൻകിട കോർപറേറ്റുകളാണെന്നും വൃന്ദ കാരാട്ട് പറഞ്ഞു.

പുതുക്കാട് കാറിടിച്ച് ലോറി ഡ്രൈവർ മരിച്ച സംഭവം

കാർ കസ്റ്റഡിയിൽ; ഉടമയായ ഡോക്ടർക്കെതിരേ കേസ്

പുതുക്കാട്: ഞായറാഴ്ച അർധരാത്രി പുതുക്കാട് സെന്ററിൽ ദേശീയപാത മുറിച്ചു കടക്കുന്നതിനിടെ ലോറി ഡ്രൈവർ കാറിടിച്ച് മരിച്ച സംഭവത്തിൽ നിർത്താതെ പോയ കാർ കണ്ടെത്തി. എറണാകുളം സ്വദേശിയായ ഡോക്ടർ സംഗീത് ചെറിയാന്റെ ഉടമസ്ഥതയിലുള്ളതാണ് കാർ. കളമശ്ശേരിയിലെ ഷോറൂമിൽ നിന്നാണ് പുതുക്കാട് പോലീസ് കാർ കസ്റ്റഡിയിലെടുത്തത്.

പെരുമ്പാവൂരിലേക്ക് കോഴിത്തീറ്റയുമായി പോയിരുന്ന ലോറി ഡ്രൈവർ തമിഴ്നാട് സ്വദേശി ശശികുമാർ(46) ആണ് മരിച്ചത്. ലോറി നിർത്തി ചായ കുടിക്കുന്നതിനായി ദേശീയപാത മുറിച്ചുകടക്കുന്നതിനിടെയാണ് അപകടം. തൃശൂർ ഭാഗത്തേക്ക് അമിതവേഗതയിൽ പോയിരുന്ന കാർ ഇടിച്ച് ശശികുമാർ ദൂരത്തേക്ക് തെറിച്ചുവീഴുകയായിരുന്നു. കാറിടിച്ച് റോഡരികിൽ കിടന്ന് പിടയുന്നയാളെ രക്ഷപ്പെടുത്താതെ ഡോക്ടർ കടന്നുകളയുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു.

പുതുക്കാട് സെന്ററിൽ ലോറി ഡ്രൈവറുടെ മരണത്തിനിടയാക്കിയ സംഭവത്തിൽ നിർത്താതെ പോയ കാർ പോലീസ് പിടികൂടി സ്റ്റേഷനിൽ എത്തിച്ചപ്പോൾ.

പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോക്ടർ എറണാകുളത്തെ വീട്ടിൽനിന്ന് ആശുപത്രിയിലേക്ക് പോകുന്നതിനിടെയാണ് അപകടം. അപകടത്തെതുടർന്ന് യാത്ര ഉപേക്ഷിച്ച ഡോക്ടർ പുതുക്കാട് സ്റ്റാൻഡിനു മുന്നിൽ യു-ടേൺ എടുത്ത് എറണാകുളത്തേക്ക് തിരിച്ചു പോകുകയായിരുന്നുവെന്നും, ഈ സമയത്തും ലോറി ഡ്രൈവർ വഴിയരികിൽ ചോരവാർന്ന് കിടക്കുകയായിരുന്നുവെന്നും പോലീസ് പറഞ്ഞു.

അപകടസമയത്ത് കാറിൽനിന്ന് തെറിച്ചുപോയ പാർട്സാണ് കാർ പിടികൂടാൻ പോലീസിന് സഹായകമായത്. കേടുപാടുകൾ സംഭവിച്ച കാർ തിങ്കളാഴ്ച പുലർച്ചെ തന്നെ ഡോക്ടർ ഷോറൂമിൽ എത്തിക്കുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു. പശുവിനെ ഇടിച്ചാണ് കാർ തകർന്നതെന്നാണ് ഡോക്ടർ കാർ ഷോറൂമിൽ അറിയിച്ചിരുന്നത്. വാഹനം ഇടിച്ചിട്ട് നിർത്താതെ പോയതിന് ഡോ. സംഗീതിനെതിരേ പോലീസ് കേസെടുത്തു. കസ്റ്റഡിയിലെടുത്ത കാർ ഫോറൻസിക് വിഭാഗം പരിശോധന നടത്തി.

പുതുക്കാട് എസ്എച്ച്ഒ സി.ജെ. മാർട്ടിൻ, എസ്ഐ കെ.മണികണ്ഠൻ, എഎസ്ഐ ജോഫി ജോസഫ്, സിപിഒമാരായ സുമേഷ്, രതീഷ്, ആന്റണി എന്നിവരുടെ നേതൃത്വത്തിലാണ് അന്വേഷണം നടത്തുന്നത്.

സ്ഥാനാർഥികൾ കണക്കുകൾ സമർപ്പിക്കണം

കൊച്ചി: എറണാകുളം ലോക്സഭാ മണ്ഡലത്തിലെ സ്ഥാനാർഥികളുടെ ചെലവ് സംബന്ധിച്ച കണക്കുകൾ മണ്ഡലത്തിന്റെ ചെലവ് നിരീക്ഷകനായ അബു സാമയുടെ പക്കൽ സമർപ്പിക്കണം. മണ്ഡലത്തിലെ 13 സ്ഥാനാർഥികളും ഈ മാസം 13, 17, 22 എന്നീ തീയതികളിൽ കളക്ടറേറ്റിലെത്തിയാണ് വിവരങ്ങൾ നൽകേണ്ടത്.

രാവിലെ പത്ത് മുതൽ വൈകുന്നേരം അഞ്ചു വരെ കണക്കുകളുടെ സൂക്ഷ്മ പരിശോധന നടക്കും. എല്ലാ സ്ഥാനാർഥികളും ഈ ദിവസങ്ങളിൽ മഴുവൻ രേഖകളും അവരുടെ ദൈനംദിന ചെലവ് രജിസ്റ്ററും സമർപ്പിക്കേണ്ടതാണ്. നാമനിർദേശ പത്രിക സമർപ്പിച്ച ദിവസം മുതൽ തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം വരെയുള്ള ദിവസങ്ങളിൽ സ്ഥാനാർഥികളും അവരുടെ ഇലക്ഷൻ ഏജന്റുമാരും ചെലവുകളിൽ കൃത്യത പാലിക്കണമെന്ന നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കണക്കുകളുടെ സൂക്ഷ്മ പരിശോധന.

ഓസ്ട്രേലിയൻ പാർലമെന്റംഗങ്ങൾ മലയാറ്റൂർ പള്ളി സന്ദർശിച്ചു

മലയാറ്റൂർ: ഓസ്ട്രേലിയൻ പാർലമെന്റംഗങ്ങളായ ബ്രാഡ് ബാറ്റിൻ, നിക്ക് വോക്കിംഗ് എന്നിവർ മലയാറ്റൂർ സെന്റ് തോമസ് പള്ളിയും കുരിശുമുടി അടിവാരവും സന്ദർശിച്ചു. ഇരുവരെയും മലയാറ്റൂർ സെന്റ് തോമസ് പള്ളി വികാരി ഫാ. വർഗീസ് മണവാളന്റെ നേതൃത്വത്തിൽ പള്ളിയിൽ സ്വീകരിച്ചു. തുടർന്ന് മലയാറ്റൂർ പള്ളിയും അതിന്റെ നിർമാണവും അൾത്താരയുമെല്ലാം നോക്കിക്കണ്ടു. പള്ളിയുടെ ചരിത്രവും പ്രാധാന്യവുമെല്ലാം വികാരി വിശദീകരിച്ചു. അടിവാരത്തുള്ള സെന്റ് തോമസ് കപ്പേളയിലെത്തിയ ഇരുവരും തോമാസ്ലീഹായെക്കുറിച്ച് ചോദിച്ചറിഞ്ഞു. കാലടി ആദിശങ്കര ജന്മഭൂമി ക്ഷേത്രവും സ്തൂപവും സന്ദർശിച്ചശേഷമാണ് സംഘം മടങ്ങിയത്.

ഓസ്ട്രേലിയൻ പാർലമെന്റംഗങ്ങളായ ബ്രാഡ് ബാറ്റിൻ, നിക്ക് വോക്കിംഗ് എന്നിവർ മലയാറ്റൂർ സെന്റ് തോമസ് പള്ളി സന്ദർശിച്ചപ്പോൾ. വികാരി ഫാ. വർഗീസ് മണവാളൻ, കൈക്കാരന്മാരായ മോമി തറയിൽ, ജിനോ മാണിക്യത്താൻ എന്നിവർ സമീപം.

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല യൂണിയൻ കലോത്സവത്തിൽ ദഫ്മുട്ടിൽ ഒന്നാംസ്ഥാനം നേടിയ കൊയിലാണ്ടി ടീം.

കലോൽസവം

കാലടി മുഖ്യകേന്ദ്രത്തിന് കിരീടം

കാലടി: കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല യൂണിയൻ കലോത്സവത്തിൽ കാലടി മുഖ്യകേന്ദ്രം കലാകിരീടം ചൂടി. മൂന്നു ദിവസങ്ങളിലായി നടന്ന കലോത്സവത്തിൽ ആയിരത്തോളം മത്സരാർഥികൾ മാറ്റുരച്ചു.

അഭിമന്യു നഗറിൽ നടന്ന സമാപനസമ്മേളനം നടി അനാർക്കലി ഉദ്ഘാടനം ചെയ്തു. സർവകലാശാല യൂണിയൻ ചെയർപേഴ്സൺ എൻ. ശ്രേഷ അധ്യക്ഷത വഹിച്ചു. പ്രോ-വൈസ് ചാൻസലർ പ്രഫ. കെ.എസ്. രവികുമാർ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് സമ്മാനദാനവും നടന്നു.

ഇതര സംസ്ഥാന തൊഴിലാളി 20 അടി താഴ്ചയിലേക്ക് ചാടി

പെരുമ്പാവൂർ: ഇതരസംസ്ഥാന തൊഴിലാളി 20 അടി താഴ്ചയിലേക്ക് എടുത്തുചാടി. പെരുമ്പാവൂർ പാലക്കാട്ടുതാഴത്ത് ഇന്നലെ രാവിലെ 6.30 ഓടെയാണ് സംഭവം. അബോധാവസ്ഥയിലായ ഇയാളെ ഇതുവരെയും തിരിച്ചറിഞ്ഞിട്ടില്ല. പാലക്കാട്ടുതാഴം പാലത്തിന് സമീപം 20 അടിയോളം താഴ്ച്ചയുള്ള പാടത്തേക്കാണ് ഇയാൾ ചാടിയത്. പെരുമ്പാവൂർ പോലീസും ഫയർഫോഴ്സും എത്തി ഇയാളെ ആശുപത്രിയിലേക്ക് മാറ്റി.

ലൂർദ് ആശുപത്രിയിൽ ഫിസിയോ തെറാപ്പി ക്യാമ്പ് ഇന്ന്

കൊച്ചി: ലോക പാർക്കിൻസൺ ദിനാചരണത്തിന്റെ ഭാഗമായി ഇന്ന് ലൂർദ് ആശുപത്രിയിൽ ബോധവത്ക്കരണ സെമിനാറും സൗജന്യ ഫിസിയോ തെറാപ്പി ക്യാമ്പും നടത്തും. രാവിലെ പത്തിന് ആരംഭിക്കുന്ന സെമിനാറിൽ ഗായകൻ മധു ബാലകൃഷ്ണൻ മുഖ്യാതിഥിയാകും. ഡോ. ശ്രീരാം പ്രസാദ്, ഡോ. വിനോദ് വർഗീസ്, ഡോ. സെലീനാമ്മ ജോർജ് എന്നിവർ നേതൃത്വം നൽകും. രാവിലെ ഒമ്പതുമുതൽ വൈകുന്നേരം നാലുവരെയുള്ള ക്യാമ്പ് 13 വരെ തുടരും.

FEDERAL BANK
YOUR PERFECT BANKING PARTNER

ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ്
രജി. ഓഫീസ്: പി. ബി. നമ്പർ 103, ഫെഡറൽ ടവേഴ്സ്, ആലുവ.
Phone: 0484-2622263, Fax: 0484-2623119,
E-MAIL: secretarial@federalbank.co.in,
Website: www.federalbank.co.in, CIN: L65191KL1931PLC000368

ബോർഡ് മീറ്റിങ്ങിനുള്ള നോട്ടീസ്

ബാങ്കിന്റെ 31 മാർച്ച്, 2019 വരെയുള്ള ഓഡിറ്റ് ചെയ്ത ഏകീകരിക്കപ്പ